**21U255S** (Pages: 2) Name: ……………………...

Reg. No: …………………

**SECOND SEMESTER B.A. DEGREE EXAMINATION, APRIL 2022**

(CUCBCSS-UG)

**CC15U MAL2 B02- മലയാളചെറുകഥാസാഹിത്യം**

(Malayalam - Core Course)

(2015, 2018 Admissions – Supplementary/Improvement)

Time: Three Hours Maximum: 80 Marks

**I ഓരോന്നിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക. അര മാർക്ക് വീതം**

1 ദ്വാരക എന്ന കഥയിലെ നായകൻ സഞ്ചരിച്ച കപ്പലിന്റെ പേരെന്ത്?

2 "അയാളുടെ കല്പനപോലും എനിക്ക് ലംഘിക്കാൻ കഴിവില്ലായിരുന്നു" ആരുടെ കല്പന?

3 കൊമാല എന്ന കഥ എഴുതിയത് ആര്?

4 വാസ്തുഹാര എന്ന വാക്കിന്റെ അർത്ഥം?

5 ഒരു പാശ്ചാത്യചിന്തകന്റെ പേരോടുകൂടിയാണ് എം.ടിയുടെ ശിലാലിഖിതം എന്ന ചെറുകഥ ആരംഭിക്കുന്നത്. ആരാണ് ആ ചിന്തകൻ?

6 മലയാളത്തിലെ ആദ്യത്തെ ചെറുകഥയായി പരിഗണിക്കുന്ന കഥ ഏത്?

7 'അമ്പലത്തിന് തീ വെയ്ക്കാൻ പറഞ്ഞ പാർട്ടിയാ. അതും പത്തെഴുപത് കൊല്ലം മുമ്പ്' - ആരെക്കുറിച്ചാണ് പരാമർശം?

8 ബഷീറിന്റെ ഏക നാടകം ഏത്?

9 സഞ്ചരിക്കുന്ന റസ്റ്റോറന്റ് എന്നറിയപ്പെടുന്ന കഥാപാത്രം?

10 ചരിത്രപുരുഷൻ എന്ന കഥയിൽ സുഹൃത്തുക്കൾക്കുവേണ്ടി സ്വന്തം ജീവിതം നഷ്ടപ്പെടുത്തുന്ന കഥാപാത്രമേത്?

**(10 × ½ = 5 Marks)**

**II ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും രണ്ടുമാർക്കുവീതം**

11 വാസ്തുഹാര എന്ന കഥയിൽ സി.വി.ശ്രീരാമൻ ഏതെല്ലാം ഭാഷകളാണ് ഉപയോഗിച്ചിരിക്കുന്നത്?

12 'എല്ലാവരുടെയും ആഗ്രഹം ശിക്ഷകഴിഞ്ഞ് വേഗം ജയിലിൽ എത്തുവാനാണ്" - കാരണമെന്ത്?

13 "അല്ല പിന്നെ? രണ്ടു ജീവിതങ്ങളെ നശിപ്പിച്ചില്ലേ?" ആരുടെ വാക്കുകൾ? പൊരുളെന്ത്?

14 ഉത്തരാധുനികതയെക്കുറിച്ചുള്ള മറിയാമ്മ തുണ്ടത്തിലിന്റെ അഭിപ്രായം എന്ത്?

15 "എത്രനാളായി ഓരോന്ന് പറഞ്ഞ് എന്നെ കബളിപ്പിക്കുന്നു. ഇന്നെങ്കിലും നിങ്ങൾ വാക്കു പാലിക്കണം" - ആരുടെ വാക്കുകൾ?

**(5 × 2 = 10 Marks)**

**III ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഖണ്ഡികാരൂപത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചു മാർക്കു വീതം.**

16 'എന്തുറക്കാണെടോ, നേരം ഉച്ചയാവാറായില്ലേ? എന്താ ഹേ നിലവിളിക്കുന്നത്?' - കഥയിൽ ഈ സംഭാഷണശകലത്തിന്റെ പ്രസക്തിയെന്ത്?

17 തല്പം എന്ന കഥ അവതരിപ്പിക്കുന്ന വിഷയത്തിന്റെ പ്രസക്തി എന്ത്?

18 'നല്ല നോട്ടുകളായിരുന്നെങ്കിൽ ഉറക്കം ഒഴിച്ച് ഓടിയെത്തിയതിനെങ്കിലും പ്രയോജനമുണ്ടായേനെ' സൂചനയെന്ത്?

19 'കാരണോന്മാര് പറഞ്ഞ് വച്ചതൊക്കെ തിരുത്താതിരിക്കുന്നതാ ബുദ്ധി' ഇങ്ങനെ പറയാൻ കാരണമെന്ത്?

20 തടവുകാർ ടൈഗറിനെ വെറുക്കാൻ കാരണമെന്ത്?

21 ഭ്രാന്തിയായ സഹോദരിയെകാണാൻ ആഖ്യാതാവ് പോകാതിരിക്കാനുള്ള കാരണമെന്ത്?

22 'സദാചാരം നിറഞ്ഞുതുളുമ്പുന്ന അടിച്ചമർത്തലുകളുടെ കെട്ടിവരിയലില്ലാത്തതുകൊണ്ട് കെട്ടുപൊട്ടിച്ച് തല്ലിപ്പൊളികളാക്കാറുമില്ല പല്ലികൾ' - വിവരിക്കുക.

**(5 × 5 = 25 Marks)**

**IV ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക. 10 മാർക്ക് വീതം.**

23 സക്കറിയയുടെ ആഖ്യാനമികവിന് തെളിവാണ് 'ആർക്കറിയാം' എന്ന കഥ. സമർത്ഥിക്കുക.

24 പ്രിയ.എ.എസ്സിന്റെ 'അതാ നോക്കൂ ഒരു പല്ലി' എന്ന കഥയിൽ കൈകാര്യം ചെയ്യുന്ന സാമൂഹിക പ്രശ്നങ്ങൾ എന്തെല്ലാം?

25 ബഷീർക്കഥകളുടെ ആഖ്യാനസവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.

26 മുണ്ഡനം ചെയ്യപ്പെട്ട ജീവിതം എന്ന കഥ അവതരിപ്പിക്കുന്ന ആധുനിക പ്രവണതകൾ എന്തെല്ലാം?

27 ആത്മനിഷ്ഠകഥകളുടെ എന്തെല്ലാം പ്രത്യേകതകളാണ് ശിലാലിഖിതം എന്ന കഥയിൽ പ്രകടമാകുന്നത്?

28 മലയാളചെറുകഥാസാഹിത്യത്തിലെ വിവിധ ഘട്ടങ്ങളിലെ സവിശേഷതകൾ പാഠ്യഭാഗത്തെ കഥകളെ മുൻനിറുത്തി ചർച്ചചെയ്യുക.

**(4 × 10 = 40 Marks)**

*******